**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 601** **13-01-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടത്തിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടത്തിയ പ്രവൃത്തികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 35.443 കി.മീ 11 കെ.വി. ലൈൻ വലിക്കുകയും, 7കി.മീ ഹൈ ടെൻഷൻ ലൈൻ റീകണ്ടക്റ്ററിംഗ് ചെയ്യുകയും, 4.185കി.മീ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും, 8.08കി.മീ ത്രീ ഫേസ് ലൈൻ വലിക്കുകയും, 163.64കി.മീ ലോ ടെൻഷൻ(LT) ലൈൻ റീകണ്ടക്റ്ററിംഗ് ചെയ്യുകയും,19.17കി.മീ ലൈൻ കൺവെർഷൻ ചെയുകയും, 34 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക/ശേഷി വർധിപ്പിക്കുകയും, 2കി.മീ 11 കെ.വി ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ(ABC) ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര ട്രാൻസ്ഫോർമറുകൾ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് ലിസ്റ്റ് നൽകാമോ; | (ബി) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ, എറണാകുളം, പെരുമ്പാവൂർ എന്നീ ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ വരുന്ന സെക്ഷനോഫീസുകളുടെ പരിധിയിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സ്ഥാപിച്ച / ശേഷി വർധിപ്പിച്ച 34 ട്രാൻസ്ഫോർമറുകളുടെ വിവരം ചുവടെ ചേർക്കുന്നു.(അനുബന്ധം) |
| (സി) | ഈ സർക്കാർ പ്രസ്തുത നിയോജക മണ്ഡലത്തിൽ വൈദ്യുത വകുപ്പിൽ നിന്നും എത്ര ഫണ്ട് വിനിയോഗിച്ചിട്ടുണ്ടെന്ന് പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 36.9 ലക്ഷം രൂപയുടെ പ്രവൃത്തികളും ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 302.24 ലക്ഷം രൂപയുടെ പ്രവൃത്തികളും, KSEBLന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾക്കായി 278.89ലക്ഷം രൂപയും, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും |

| | | | |
|---|---|---|---|
| | | | അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ 2022 വരെ KSEBLന്റെ തനതുഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021'ൽ ഉൾപ്പെടുത്തി 947.20 ലക്ഷം രൂപയുടെ പ്രവൃത്തികളും, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടു കൂടി നടത്തുന്ന PPS പദ്ധതിയിൽ ഉൾപ്പെടുത്തി 179.01 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ഇതുവരെ ആകെ 1744.24 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുത്തൻ കുരിശ് 66 കെ.വി സബ്സ്റ്റേഷനിൽ ഒരു 10 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപനവും അതിനോടനുബന്ധിച്ച പ്രവൃത്തികളും ചെയ്തിട്ടുണ്ട്. ഇതിനായി വിനിയോഗിച്ച തുക: 49,88,509 രൂപ (നാല്പത്തി ഒൻപതു ലക്ഷം എൺപത്തിയെട്ടായിരത്തി അഞ്ഞൂറ്റി ഒൻപത് രൂപ). |

സെക്ഷൻ ഓഫീസർ